പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പും വിവിധ സർക്കാർ ഏജൻസികളും മുമ്പ് അനുവദിച്ചു നൽകിയതും നിലവിൽ വാസയോഗ്യമല്ലാത്തതും ഭാഗീകമായി മാത്രം വാസയോഗ്യമായതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും, അറ്റകുറ്റപ്പണി, നവീകരണം എന്നിവയ്ക്ക് ധനസഹായം നൽകുന്നതുമാണ് ഭവന പുനരുദ്ധാരണ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. വീടുകൾ അനുവദിച്ചുകഴിഞ്ഞ് കുറഞ്ഞത് ആറ് വർഷത്തിനുശേഷമാണ് ഭവന പുനരുദ്ധാരണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഒരു ലക്ഷം രൂപ വീതം അനുവദിക്കുന്നത്.

(സി) 2013-14 സാമ്പത്തിക വർഷം മുതലാണ് ഭവന പുനരുദ്ധാരണ പദ്ധതി ആരംഭിച്ചത്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

വർഷം	പുനരുദ്ധാരണം നടത്തിയ വീടുകൾ	അനുവദിച്ച തുക
2013-14	500	500 ലക്ഷം രൂപ
2014-15	500	500 ലക്ഷം രൂപ
2015-16	500	500 ലക്ഷം രൂപ

സഹകരണ മേഖല

6(*186) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. എസ്. സലീഖ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പല മേഖലകളും സഹകരണ മേഖലയിലൂടെ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ മേഖലയിലേയ്ക്ക് സഹകരണ പ്രസ്ഥാനം വ്യാപിപ്പിച്ച് സഹകരണ മേഖല സുദൃഢമാക്കുന്നതിന് പകരം നിലവിലുള്ള സഹകരണ ശൃംഖല തകർക്കുന്ന സമീപനമാണ് സ്വീകരിക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) സഹകരണ മേഖലയെ സംബന്ധിച്ച് മാത്രമായി പഠനം നടത്തിയിട്ടില്ല. എന്നാൽ ആരോഗ്യമേഖല, പട്ടികജാതി/പട്ടികവർഗ്ഗ മേഖല, അച്ചടിമേഖല, റബ്ബർ മാർക്കറ്റിംഗ് മേഖല, വനിതാക്ഷേമം എന്നിവ സംബന്ധിച്ച് വെവ്വേറെ പഠനം നടത്തുകയുണ്ടായി. മറ്റ് മേഖലകളിൽ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ മേഖല കാലാനുസൃതമായി മാറ്റുന്നതിനും പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് സഹകരണ മേഖലയെ പ്രാപ്തമാക്കുന്നതിനുമായി വിവിധ കാര്യപരിപാടികൾ സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. 2012-ൽ തൃശ്ശൂരിൽ വച്ച് സംഘടിപ്പിച്ച 7-ാം സഹകരണ കോൺഗ്രസ്, 2014-ൽ കേരളത്തിലെ എല്ലാ ജില്ലകളിലും സംഘടിപ്പിച്ച സഹകാരി സമ്പർക്ക പരിപാടിയായ മുഖാമുഖം, 2015-ൽ മൂന്നാറിൽ വച്ച് നടത്തിയ വിഷൻ 2025 ശിൽപ്പശാല, കൂടാതെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് നടത്തുന്ന സഹകരണ വാരാഘോഷം പോലുള്ള വേദികൾ എന്നിവയിലെല്ലാം സംസ്ഥാനത്തെ സഹകരണ മേഖല പുതിയ മേഖലകളിൽ പ്രവേശിച്ച് വിജയം കൈവരിക്കുന്നതിന് ആവശ്യമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള ചർച്ചകളിലൂടെ ഉരുത്തിരിയുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും സഹകരണ വകുപ്പിന്റെ നയങ്ങളുടെ അടിസ്ഥാനത്തിലും പുതിയ മേഖലകളിൽ സഹകരണ മേഖല ഇതിനോടകം പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് അത്യാധുനിക സൗകര്യങ്ങളോടെ സ്ഥാപിക്കുന്ന ക്യാൻസർ കെയർ സെന്റർ, ഫ്ലാറ്റ് സമുച്ചയ നിർമ്മാണം, ടിഷ്യു കൾച്ചർ ലാബുകൾ, മണ്ണ് പരിശോധനാ കേന്ദ്രങ്ങൾ, ഫാർമേഴ്സ് സർവീസ് സെന്ററുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള വായ്പ പദ്ധതികൾ, മഴവെള്ള സംഭരണികൾ സ്ഥാപിക്കൽ, പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ ഭാഗമായി 5 ലക്ഷത്തിലധികം വൃക്ഷതൈകൾ നട്ടു പിടിപ്പിക്കുന്നതിനുള്ള 'ആലില' പദ്ധതി, പച്ചക്കറി കൃഷി രംഗത്ത് സ്വയംപര്യാപ്തത ലക്ഷ്യമാക്കിയുള്ള സുവർണ്ണകേരളം പദ്ധതി, അവയുടെ വിപണനവുമായി ബന്ധപ്പെട്ട 'സുവർണ്ണം' പദ്ധതി, സ്വകാര്യ പണമിടപാടുകാരുടേയും അമിത പലിശക്കാരുടേയും ചൂഷണത്തിൽ നിന്നും സാധാരണക്കാരെ സംരക്ഷിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച 'ഓപ്പറേഷൻ കുബേര' വിജയിപ്പിക്കുന്നതിന് സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് പ്രത്യേകമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതി, പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കാലാനുസൃതമായുള്ള പുതിയ കോഴ്സുകൾ ആരംഭിച്ചത്, നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് രൂപീകരിച്ച നിക്ഷേപ ഗ്യാരന്റി ബോർഡ്, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന നിക്ഷേപ സമാഹരണം നടത്തുന്നതിനുള്ള പദ്ധതി, മാനവശേഷി വികസനത്തിന് മുൻഗണന നൽകിയുള്ള പ്രവർത്തനങ്ങൾ, സഹകരണ മേഖലയിലെ ആധുനികവത്കരണം എന്നീ നടപടികൾ സഹകരണ മേഖലയെ പുതിയ മേഖലകൾ കണ്ടെത്തി പ്രവർത്തനസജ്ജമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

(ബി) സഹകരണ മേഖലയെ തകർക്കുന്ന സമീപനം ഈ സർക്കാരിനില്ല. സഹകരണ മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് കൂടുതൽ കാര്യക്ഷമതയോടും ഉത്തരവാദിത്വത്തോടും കൂടി പ്രവർത്തിക്കുന്നതിനുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ആദിവാസികളെ ചൂഷണത്തിനെതിരെ ബോധവൽക്കരണം

7(*187) ശ്രീമതി കെ. കെ. ലതിക :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളെ ചൂഷണത്തിൽ നിന്നും മോചിതരാക്കുവാൻ ബോധവൽക്കരിക്കുന്നതിലുള്ള അധികാരികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) അജ്ഞതമൂലം ആദിവാസികൾ നിയമ നടപടിക്ക് വിധേയമാകുന്നത് ആവർത്തിക്കാതിരിക്കാൻ പ്രസ്തുത വിഭാഗത്തെ ബോധവല്ക്കരിക്കുന്നതിന് സാധ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ശാരീരികമായും മറ്റും ആദിവാസികൾ ഏതെല്ലാം തരത്തിൽ ഇപ്പോഴും ചൂഷണം ചെയ്യപ്പെടുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ ഇത് തടയുന്നതിന് സാധ്യമാകാതെ പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?